# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.249 28/10/2019-ൽ മറുപടിക്ക്

### ഹൃദ്യം പദ്ധതിയ്ക്കാവശ്യമായ തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നൽകുന്നതിന് 'ഹൃദ്യം' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) | പതിനെട്ട് വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നല്കുന്നതിന് 'ഹൃദ്യം' എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ജന്മനായുള്ള ഹൃദ്രോഗം യഥാസമയം കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും കാലതാമസം നേരിടുന്നു. ഇതിന് പരിഹാരമായിട്ടാണ് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി ഹൃദ്യം പദ്ധതി ആരംഭിച്ചിരിക്കുന്നത്. യഥാസമയം കുട്ടികൾക്ക് ചികിത്സ ലഭ്യമാക്കുവാനും ഫോളോ അപ് നടപടികളെ ഏകീകരിക്കാനും വിവരസാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സംസ്ഥാന സർക്കാർ ദേശീയ ആരോഗ്യ മിഷൻ മുഖാന്തിരം ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഹൃദ്യം. ഈ പദ്ധതിയിൽ ഒരു സോഫ്റ്റ് വെയർ വഴി ഹൃദ്രോഗമുള്ള കുട്ടികളെ രജിസ്റ്റർ ചെയ്യുകയും അവരുടെ ചികിത്സയുടെ വിവിധ ഘട്ടങ്ങൾ സോഫ്റ്റ് വെയറിന്റെ സഹായത്തോടെ നിരീക്ഷിക്കുകയും പ്രവർത്തനങ്ങൾ സുഗമമാക്കുകയും ചെയ്യുന്നു. ഈ പദ്ധതി 2017 ആഗസ്റ്റ്മാസം 31 മുതൽ ആരംഭിച്ചു. ഇതിലൂടെ കുട്ടികളിൽ സങ്കീർണമായ രോഗാവസ്ഥകൾ കണ്ടുപിടിക്കുന്ന മുറയ്ക്ക് ചികിത്സാ സൗകര്യമുള്ള ആശുപത്രികളിൽ ചികിത്സ ഉറപ്പ് വരുത്തുന്നതിന് സാധ്യമാക്കുന്നു. ഇതിന് ശേഷം മാത്രമേ കുട്ടിയെ നിലവിൽ ചികിൽസിക്കുന്ന ആശുപത്രിയിൽ നിന്ന് മാറ്റുകയുള്ളൂ. സർക്കാർ ആശുപത്രിയിൽ ജനിക്കുന്ന എല്ലാ കുട്ടികളെയും RBSK മാർഗ്ഗനിർദ്ദേശം അനുസരിച്ചുള്ള Visible and functional birth defect സ്ക്രീനിങ്ങിന് |

| | | | |
|---|---|---|---|
| | | | വിധേയരാക്കുന്നു. ജന്മനായുള്ള ഹൃദ്രോഗത്തിന്റെ ലക്ഷണങ്ങൾ പ്രകടമാകുന്ന കുഞ്ഞുങ്ങളെ ശിശുരോഗവിദഗ്ദന്റെ സഹായത്തോടെ എക്കോ ഉൾപ്പെടെയുള്ള പരിശോധന വഴി എത്രയും നേരത്തെ തന്നെ കൃത്യമായി അസുഖം കണ്ടെത്തുന്നു. സ്വകാര്യ ആശുപത്രികളിൽ ജനിക്കുന്ന കുഞ്ഞുങ്ങൾക്കും ഈ പദ്ധതി വഴി സേവനം ലഭ്യമാണ്. രോഗനിർണ്ണയത്തിനു ശേഷം കുട്ടികളുടെ വിവരങ്ങൾ ഏതൊരാൾക്കും hridayam.in എന്ന സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. |
| ബി) | പദ്ധതിയ്ക്കാവശ്യമായ തുക സംസ്ഥാന സർക്കാരാണോ കേന്ദ്രസർക്കാരാണോ അതോ സംയുക്തമായാണോ നൽകുന്നതെന്ന് വെളിപ്പെടുത്താമോ; | ബി) | പദ്ധതിയ്ക്ക് ആവശ്യമായ ഫണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് നൽകുന്നത്. |
| സി) | നാഷണൽ ഹെൽത്ത് മിഷന്റെ ആർ.ബി.എസ്.കെ. പദ്ധതിയുടെ ഫണ്ട് ഇതിലേയ്ക്കായി ഉപയോഗിക്കുന്നുണ്ടെങ്കിൽ എത്ര തുകയാണ് ഉപയോഗിക്കുന്നതെന്ന് വിശദമാക്കുമോ; | സി) | ഹൃദ്യം പദ്ധതിക്ക് ആവശ്യമായ തുക ആർ.ബി.എസ്.കെ പദ്ധതിയിൽ നിന്നും ലഭ്യമാകുന്നുണ്ട്. 2019-20 വർഷത്തേക്ക് ആർ.ബി.എസ്.കെ പദ്ധതിയിൽ ഉൾപ്പെടുന്ന അസുഖങ്ങൾക്ക് (ജന്മനാലുള്ള ഹൃദ്രോഗം ഉൾപ്പെടെ) 4506.46 ലക്ഷം രൂപ എൻ.എച്ച്.എം വഴി അനുവദിച്ചിട്ടുണ്ട്. |
| ഡി) | നാളിതുവരെ ഈ പദ്ധതിയ്ക്കായി എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | ഡി) | ഹൃദ്യം പദ്ധതി തുടങ്ങിയതു മുതൽ നാളിതുവരെ പദ്ധതിക്ക് മാത്രമായി ചെലവായ തുക 1168.03 ലക്ഷം രൂപ കൂടാതെ 1296.58 ലക്ഷം രൂപ ശ്രീ ചിത്രാ ആശുപത്രി വഴിയും ജന്മനാലുള്ള ഹൃദ്രോഗ ചികിത്സയുടെ ഭാഗമായി ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ